## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1234** **07-02-2023 - ൽ മറുപടിയ്ക്ക്**

## കോട്ടക്കൽ നിയോജക മണ്ഡലത്തിലെ കമ്മുട്ടികളം കലുങ്ക് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുറം-നിലമ്പൂർ റോഡിൽ കമ്മുട്ടികളം ഭാഗത്ത്(2/600) നിലവിലുള്ള കലുങ്ക് പുതുക്കി പണിയുന്നതിലേക്കുള്ള എസ്റ്റിമേറ്റും പ്രപ്പോസലും ചീഫ് എഞ്ചിനിയറുടെ ഓഫീസിൽ ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ഫയൽ നമ്പർ സഹിതം ലഭ്യമാക്കുമോ; | (എ) | കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി-അങ്ങാടിപ്പുറം- വണ്ടൂർ-വടപുറം - നിലമ്പൂർ റോഡിൽ കമ്മുട്ടികളം ഭാഗത്ത് (കി.മീ 2/600) നിലവിലുള്ള കലുങ്ക് പുതുക്കി പണിയുന്നതിനായി Price lD PWD/RB/EST/22660/2022_5_1_1 പ്രകാരം ലഭിച്ച എസ്റ്റിമേറ്റ് അധിക വിവരങ്ങൾക്കായി നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ 10.01.2023-ൽ മടക്കി അയച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് വേഗത്തിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി-അങ്ങാടിപ്പുറം- വണ്ടൂർ-വടപുറം - നിലമ്പൂർ റോഡിൽ കമ്മുട്ടികളം ഭാഗത്ത് (കി.മീ 2/600) നിലവിലുള്ള കലുങ്ക് പുതുക്കി പണിയുന്നതിനായി Price lD PWD/RB/EST/22660/2022_5_1_1 പ്രകാരം ലഭിച്ച എസ്റ്റിമേറ്റ് അധിക വിവരങ്ങൾക്കായി നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ 10.01.2023-ൽ മടക്കി അയച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ